# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം13/2643/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/12/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം13/2643/2022 തീയ്യതി: 23/12/2022

## മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 20-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ്ഫാറൂഖ്.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഇദ്‌രീസ് അബ്ദുല്ല .എ.സി, ഓഡിറ്റർ
ശ്രീമതി.സുജിത പി കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഹസീന ഇബ്രാഹിം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.അബ്ബാസ്.പി.പി. | സെക്രട്ടറി | 01-04-2021 | 04-10-2021 |
| ശ്രീമതി. ശ്രീദേവി മേനോൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-10-2021 | 06-10-2021 |
| ശ്രീ. സുമേഷ് കെ | സെക്രട്ടറി | 07-10-2021 | 14-12-2021 |
| ശ്രീമതി. ശ്രീദേവി മേനോൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-12-2021 | 11-01-2022 |
| ശ്രീ.രാജേഷ്.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-01-2022 | 18-01-2022 |
| ശ്രീ. പി ബി സജി | സെക്രട്ടറി | 19-01-2022 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജേഷ്.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 26-04-2021 |
| ശ്രീ.സുലൈമാൻ.പി. | അസിസ്റ്റന്റ് സെക്രട്ടറി | 27-04-2021 | 22-07-2021 |
| ശ്രീമതി. ശ്രീദേവി മേനോൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2021 | 11-01-2022 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 12-01-2022 | 26-01-2022 |
| ശ്രീമതി.മിനി ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 27-01-2022 | 31-03-2022 |
| ശ്രീമതി. രമ്യ.സി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിൻസ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷാജഹാൻ.എസ് | വി.ഇ.ഒ | 01-04-2021 | 07-10-2021 |
| ശ്രീമതി.മനുജ യു | വി.ഇ.ഒ | 08-10-2021 | 31-03-2022 |
| ശ്രീ.മനോജ്കുമാർ ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 06-10-2021 |
| ശ്രീ. അബ്ദുൾ മഹ്റൂഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ (അഡീ.ചാർജ്) | 07-10-2021 | 06-12-2021 |
| ശ്രീ.മുഹമ്മദ് നസിം.ഇ.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ (അഡീ.ചാർജ്) | 07-12-2021 | 31-03-2022 |
| ഡോ.അജിത് കൃഷ്ണൻ | വെറ്ററനറി സർജൻ | 01-04-2021 | 01-12-2021 |
| ഡോ.ഫൈസൽ യൂസഫ് | വെറ്ററനറി സർജൻ | 02-12-2021 | 10-02-2022 |
| ഡോ.നസീൽ എസ് എം | വെറ്ററനറി സർജൻ | 11-02-2022 | 31-03-2022 |
| ഡോ.നഷീദ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.മുഹമ്മദ് മുനീർ.പി. | മെഡിക്കൽ ഓഫീസർ( | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഹോമിയോ) | | |
| ഡോ.അലി മുഹമ്മദ് | മെഡിക്കൽ ഓഫീസർ( എഫ്.എച്ച്.സി) | 01-04-2021 | 26-10-2021 |
| ഡോ.നിഗാർ കാസിം പി | മെഡിക്കൽ ഓഫീസർ( എഫ്.എച്ച്.സി) | 27-10-2021 | 31-03-2022 |
| ശ്രീ.അബ്ബാസ്.പി പി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.വിഷ്ണു നാരായണൻ .പി.എം. | കൃഷി ഓഫീസർ | 01-04-2021 | 09-11-2021 |
| ശ്രീ.മൃദുൽ വിനോദ് പി | കൃഷി ഓഫീസർ | 10-11-2021 | 01-01-2022 |
| ശ്രീമതി. റെജീന | കൃഷി ഓഫീസർ | 02-01-2022 | 31-03-2022 |
| ശ്രീമതി. തന്മ പി വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-07-2021 |
| ശ്രീമതി. റീജ കെ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2021 | 31-01-2022 |
| ശ്രീ.ഹരീഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ(എംപ്ലോയ്മെന്റ്) | 01-02-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല. | 1-12 |
| 14 | ഓണം അഡ്വാൻസ് തുക നാളിത് വരെ ക്രമീകരിച്ചിട്ടില്ല | 1-13 |
| 15 | വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 1-14 |
| 16 | മരം വെട്ടിമാറ്റിയതിന്റെ കൂലി ചെലവ് -തനത് ഫണ്ടിൽ നിന്നും നൽകിയത് തിരികെ ഈടാക്കിയില്ല | 1-15 |
| 17 | മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല | 1-16 |
| 18 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-17 |
| 19 | ഹോമിയോ ഡിസ്പെൻസറി- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. | 1-18 |
| 20 | അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല | 1-19 |
| 21 | എഡ്യൂ ഊർ- വിദ്യാലയ ലൈബ്രറി ശാക്തീകരണം- പ്രൈമറി സ്കൂളുകൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ വാങ്ങിയില്ല. | 1-20 |
| 22 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-21 |
| 23 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-22 |
| 24 | തരിശ് രഹിത എടയൂർ- അപേക്ഷകരുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-23 |
| 25 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലെ അക്കൗണ്ടിലുള്ള നീക്കിയിരുപ്പ് തുക പഞ്ചായത്ത് തനത് ഫണ്ടിലൊടുക്കണം | 1-24 |
| 26 | എയിഡഡ് സ്കൂളിന് ടോയ് ലറ്റ് നിർമിച്ച് നൽകിയത്- പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല- | 1-25 |

| | | |
|---|---|---|
| 27 | കുടിവെള്ള പദ്ധതിയുടെ പഴയ മോട്ടോർ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടില്ല | 1-26 |
| 28 | UPC അബ്ദുഹാജിപ്പടി - അമ്പാട്ടുചോല റോഡ് നവീകരണം- (വാർഡ് -8) അധിക നിരക്ക് നൽകിയത് | 1-27 |
| 29 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 1-28 |
| 30 | ഇ- ടെണ്ടർ ഫീസിനത്തിലെ തുകകൾ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 1-29 |
| 31 | MGNREGS- വ്യക്തിഗത പ്രൊജക്ടുകൾ ലക്ഷ്യം പൂർത്തീകരിച്ചില്ല. | 1-30 |
| 32 | MGNREGS പ്രവൃത്തികളുടെ അവലോകനം | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | പുതുക്കിയ തീരുമാനം നം /തിയ്യതി |
|---|---|
| 1(1) തീ. 23.02.2021 | 1(1) തീ. 13.03.2022 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 01.06.2022 | ബാധകമല്ല | ബാധകമല്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18264434 |
| വരവ് | 108658561 |
| ആകെ | 126922995 |
| ചെലവ് | 96811951 |
| നീക്കിയിരിപ്പ് | 30111044 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24384702 | 24384702 | 20881212 | 3503490 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7488137 | 7488137 | 6728803 | 759334 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5500 | 5500 | 0 | 5500 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7855000 | 7855000 | 7205174 | 649826 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6691779 | 6691779 | 5487167 | 1204612 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 17235063 | 17235063 | 470386 | 16764677 |
| ധനകാര്യ കമ്മീഷൻ | 0 | 9921482 | 9921482 | 5598241 | 4323241 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് (Untied ) | | | | | |
| ബി ഫണ്ട് | 0 | 68100980 | 68100980 | 68100980 | 0 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

2021-22 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ താഴെ പറയുന്ന ഇനങ്ങളുടെ ചെലവ് തുകകൾ ACR, AFSഎന്നിവയിലെ തുകകളുമായി താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | ACR | AFS |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 23074412 | 20881212 | 20881212 |
| വികസന ഫണ്ട് -എസ് സി പി | 6875470 | 6728803 | 6728803 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 209 | 130569367 | 147 | 56198883 | 0 | 62 | 70.33 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 674164 | 984671 | 1658835 | 1658752 | 83 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14049806 | 14049806 | 14049806 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19680 | 20 |
| കർഷകതൊഴിലാളി പെൻഷൻ | 1952000 | 118 |
| വിധവാപെൻഷൻ | 20404100 | 1290 |
| വാർദ്ധക്യകാലപെൻഷൻ | 38387700 | 2524 |
| വികലാംഗപെൻഷൻ | 5937100 | 385 |
| വിവാഹ ധനസഹായം | 450000 | 15 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 630400 | 40 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8174 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്റ്റുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം നിർജ്ജീവമാണ്. പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ക്രമീകരിച്ചിട്ടില്ല.(വിശദാംശങ്ങൾ ഖ.1-21ൽ പരാമർശിച്ചിട്ടുണ്ട്)

2. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സെക്രട്ടറി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, മെഡിക്കൽ ഓഫീസർ (ആയുർവേദം) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.
3. വടക്കുപുറം SCB-6071-Own Fund ഏറെ നാളായി പ്രവർത്തനരഹിതമാണ്. ആയത് ക്ലോസ് ചെയ്ത് ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.08.2022 | 04/2022 മുതൽ 07/2022 വരെ | 11.08.2022 |
| എ.ജി ഓഡിറ്റ് | 22/09/2021 മുതൽ 08/10/2021 വരെ | 2019-20 & 2020-21 | 05.11.2021 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ നിരീക്ഷിച്ച അപാകതകൾ.
1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2. സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ പത്രിക പ്രകാരം ഷെഡ്യൂൾ I-6ൽ വരേണ്ട ഗ്രാന്റ് ചെലവ് 13919025/- രൂപയാണ്. എന്നാൽ വാർഷിക കണക്കിലുള്ളത് 14421557/- രൂപയാണ്.
3. 2020-21ലെ വാർഷികക്കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി (Residential) ഇനത്തിൽ 9237 രൂപ മാത്രമാണ് പിരിച്ചെടുക്കാനവശേഷിക്കുന്നത്. എന്നാൽ, 2021-22 ലെ വാർഷികകണക്ക് പ്രകാരം വസ്തുനികുതി (Residential) കുടിശ്ശികയിനത്തിൽ 19743 രൂപ പിരിച്ചെടുക്കുകയും അരിയർ കുടിശ്ശികയിനത്തിൽ 4001 രൂപ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
4. 2020-21ലെ വാർഷികക്കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി (Non Residential) ഇനത്തിൽ 16156 രൂപ മാത്രമാണ് പിരിച്ചെടുക്കാനവശേഷിക്കുന്നത്. എന്നാൽ, 2021-22 ലെ വാർഷികകണക്ക് പ്രകാരം വസ്തുനികുതി (Non Residential) കുടിശ്ശികയിനത്തിൽ 19121 രൂപ പിരിച്ചെടുക്കുകയും അരിയർ കുടിശ്ശികയിനത്തിൽ 1663 രൂപ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
5. ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടക്കാൻ ബാക്കിയുള്ള 12000/- രൂപയിൽ 6000/- രൂപ 19-01-2021 ലെ 121130500016 നമ്പർ രശീതി പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.
*(ഓഡിറ്റ് എൻക്വയറി നം.8/26.10.2022പ്രകാരം അപാകതകൾ ശ്രദ്ധയിൽപെടുത്തി, ലഭ്യമാക്കിയ മറുപടി പരിഗണിച്ച് പരിഹരിക്കപ്പെടാത്ത അപാകതകളാണ് ഈ പരാമർശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്)*

### 1-12 വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്ന കാന്റീൻ, ആഡിറ്റോറിയം, വർക്ക്ഷോപ്പ്, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നീ ഉപയോഗ ക്രമങ്ങൾ കൂടി ഉൾപ്പെടുത്തി കെട്ടിടങ്ങൾക്ക് ചുമത്തുന്ന വസ്തു നികുതി നിരക്കിൽ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരമുള്ള മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നത് ഒഴികെ മറ്റു ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് എടയൂർ ഗ്രാമപഞ്ചായത്തിൽ നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം ചെയ്യാത്തത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(നമ്പർ 07/2021-22 തിയ്യതി 26.10.2022)ക്ക് ഭേദഗതി വിജ്ഞാപന പ്രകാരമുള്ള വസ്തു നികുതി നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

### 1-13 ഓണം അഡ്വാൻസ് തുക നാളിത് വരെ ക്രമീകരിച്ചിട്ടില്ല

2021-22ലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഓണം അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാതെയുള്ള 12000 രൂപ നീക്കിബാക്കിയുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഈ തുകയിൽ 6000 രൂപ 19.01.2022 ലെ 121130500016 നമ്പർ രശീതി പ്രകാരം, ശ്രീ. റെജി പി (അക്കൗണ്ടന്റ് ) അടവാക്കിയിട്ടുണ്ട്. എന്നാൽ ക്രമീകരിക്കാൻ ബാക്കിയുള്ള 6000 രൂപ ശ്രീ. ദീപാങ്കരൻ ഇ.എൽ എന്നവർക്ക് 2019-20 സാമ്പത്തിക വർഷത്തിൽ ഫെസ്റ്റിവൽ അഡ്വാൻസായി നൽകിയിട്ടുള്ളതാണ്. മേൽ തുക ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ.05/2021-22 തിയ്യതി -26.10.2022 )

### 1-14 വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി തുക അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടിന്റെ പൂർത്തീകരണ വിവരം/ തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

| പ്രോജക്ട് | BRN/ബിൽ നമ്പർ- തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 252/2022 ഡയാലിസിസ് രോഗികൾക്ക് ധനസഹായം- ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 21150852010401127826 /15.02.22<br>88000 രൂപ<br>വികസന ഫണ്ട് (ജനറൽ) | ജില്ലാ പഞ്ചായത്ത്, മലപ്പുറം | തുകയുടെ വിനിയോഗ സാക്ഷ്യപത്രം |
| 167/2022 -സ്ട്രീറ്റ് മെയിൻ- കെ.എസ്.ഇ.ബിക്ക് തുക അടവാക്കൽ | 233/03.02.2022<br>1000000 രൂപ ധനകാര്യ കമ്മീഷൻ അവാർഡ് | കെ.എസ്.ഇ.ബി | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
| 03/2022 ഐ കെ എം വിഹിതം നൽകൽ | 21150852010400385857/08.09.21<br>100000 രൂപ<br>വികസന ഫണ്ട് (ജനറൽ) | ഐ കെ എം | വിനിയോഗ വിവരം |
| 02/2022 എസ്എസ് എ വിഹിതം നൽകൽ (എസ്.സി) | 21150852010401062858/05.02.22<br>500,000 രൂപ<br>വികസന ഫണ്ട് (എസ്.സി.പി) | സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ | വിനിയോഗ വിവരം |

മേൽ പറയുന്ന പ്രോജക്ടുകൾ പ്രകാരം ആകെ 1688000 രൂപ വിവിധ സ്ഥാപനങ്ങൾക്കായി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.06/2021-22 തിയ്യതി-26.10.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടുകളുടെ പൂർത്തീകരണ വിവരം/തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ 1688000 രൂപ തടസ്സം ചെയ്യുന്നു.

### 1-15 മരം വെട്ടിമാറ്റിയതിന്റെ കൂലി ചെലവ് -തനത് ഫണ്ടിൽ നിന്നും നൽകിയത് തിരികെ ഈടാക്കിയില്ല

ശ്രീമതി. മറിയ W/o മൊയ്തീൻ കുട്ടി എന്നവരുടെ ഉടമസ്ഥതയിൽ ഉള്ള മരങ്ങൾ തന്റെ വീടിന് ഭീഷണിയായി നിൽക്കുന്നു എന്ന ശ്രീ.സൈതലവി തട്ടാരത്തൊടി എന്നവരുടെ എ-7/4669/20 നമ്പർ പരാതിയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി അന്വേഷണം നടത്തുകയും, പഞ്ചായത്ത് കമ്മിറ്റിയുടെ 16.02.2021 ലെ തീരുമാനം നമ്പർ-12/1 പ്രകാരം മരങ്ങൾ, ഉടമസ്ഥരുടെ ചെലവിൽ വെട്ടി മാറ്റുന്നതിനും തീരുമാനിച്ചിരുന്നു.

മരം വെട്ടി മാറ്റിയ വകയിൽ ഷമീർ അലി മാതൊടി എന്നവർക്ക് 13.04.21 ലെ വൗച്ചർ നമ്പർ 22100036 പ്രകാരം 7000/- രൂപ നൽകിയിരുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 238(ബി), ഭരണ സമിതി തീരുമാനം എന്നിവ പ്രകാരം ഈ തുക മരങ്ങളുടെ ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ 12/2021-22 തീയ്യതി 28.10.2022) ക്ക് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ട പ്രകാരം നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മരുന്ന് വാങ്ങുന്നതിനായി തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് മുഴുവനായി ലഭ്യമായിട്ടില്ല.

1. കുടുബാരോഗ്യ കേന്ദ്രത്തിലേക്കു മരുന്നു വാങ്ങൽ

| വർഷം | 2021-22 |
|---|---|
| പ്രോജെക്റ്റ് നമ്പർ | 62/22 |
| പ്രോജക്റ്റിന്റെ പേര് | കുടുബാരോഗ്യ കേന്ദ്രത്തിലേക്കു മരുന്നു വാങ്ങൽ |
| അടങ്കൽ | 850000 രൂപ (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | BRN No.2115085203580O276331/07.08.2021 – 500000<br>BRN No.21150852035801227446/02.03.2022 – 150000<br>BRN No.21150852035801227464/02.03.2022 – 100000<br>BRN No.21150852035801145856/17.02.2022– 100000 |
| | ആകെ 850000 |
| നിർവഹണം | മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി |

മേൽ പ്രൊജക്റ്റ് പ്രകാരം എഫ്എച്ച്സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 8,50,000 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. 547884 രൂപയുടെ മരുന്നുകൾ മാത്രമാണ് താഴെ കാണും പ്രകാരം ലഭ്യമായിട്ടുള്ളത്. 302116 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| PRF 708/15.06.2021 | 500000 | 881/13.12.2021 | 56415 |
| | | 10002/13.12.2021 | 76694 |
| | | 10001/13.12.2021 | 44027 |
| | | 10510/28.12.2021 | 75903 |
| | | 10513/28.12.2021 | 6249 |
| | | 10516/28.12.2021 | 20515 |
| | | 10512/28.12.2021 | 11201 |
| | | 10773/03.01.2022 | 13205 |
| | | 13495/19.02.2022 | 59150 |
| | | 3877/07.06.2022 | 9498 |
| | | ആകെ | 372857 |
| | | ബാക്കി | 127143 (500000- 372857) |
| PRF 4730/11.01.2022 | 100000 | 5025/25.06.2022 | 51157 |
| | | 11305/17.09.2022 | 3462 |
| | | ആകെ | 54619 |
| | | ബാക്കി | 45381 (100000-54619) |

| | | | |
|---|---|---|---|
| PRF 6044/22.02.2022 | 150000 | 718/21.04.2022 | 15386 |
| | | 9060/23.08.2022 | 1438 |
| | | 11104/16.09.2022 | 9968 |
| | | 11117/16.09.2022 | 525 |
| | | 13153/06.10.2022 | 3363 |
| | | ആകെ | 30680 |
| | | ബാക്കി | 119320 (150000-30680) |
| PRF 6167/24.02.2022 | 100000 | 3517/03.06.2022 | 89728 |
| | | ആകെ | 89728 |
| | | ബാക്കി | 10272 (100000-89728) |
| ആകെ ലഭ്യമായ മരുന്ന് | | | 547884 |
| ബാക്കി | | | 302116 (850000-547884) |

2.സാന്ത്വനം പാലിയേറ്റീവ് പരിചരണത്തിന മരുന്ന വാങ്ങൽ

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 53/22 |
| പ്രോജെക്ടിന്റെ പേര് | സാന്ത്വനം പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | 1019200 രൂപ (വികസന ഫണ്ട് -ജനറൽ- 500000, തനത് ഫണ്ട്-19200, ബ്ലോക്ക് പഞ്ചായത്ത്-400000, മെയിന്റനൻസ് ഫണ്ട്-റോഡിതരം-100000) |
| ചെലവ് | 250000 രൂപ<br>(BRN No.21150852035801227454/02.03.2022 – 100000<br>Ch No.6751991/14.03.2022-150000 രൂപ) |
| നിർവഹണം | മെഡിക്കൽ ഓഫീസർ , എഫ്എച്ച്സി |

മേൽ പ്രൊജക്ട് പ്രകാരം പാലിയേറ്റീവ് പരിചരണത്തിന മരുന്ന് വാങ്ങുന്നതിന് 2,50,000 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. 150110 രൂപയുടെ മരുന്നുകൾ മാത്രമാണ് താഴെ കാണും പ്രകാരം ലഭ്യമായിട്ടുള്ളത്. 99890 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| PRF 6168/24.02.2022 | 100000 | 723/21.04.2022 | 21065 |
| | | 11128/16.09.2022 | 14911 |
| | | 13159/06.10.2022 | 13643 |
| | | ആകെ | 49619 |
| | | ബാക്കി | 50381 |
| PRF 5755/15.02.2022 | 150000 | 5960/12.07.2022 | 75298 |
| | | 8445/11.08.2022 | 8677 |
| | | 12153/26.09.2022 | 13257 |
| | | 8903/22.08.2022 | 3259 |
| | | ആകെ | 100491 |
| | | ബാക്കി | 49509 |
| ആകെ ലഭ്യമായ മരുന്ന് | | | 150110 |
| ബാക്കി | | | 99890 (250000-150110) |

3.മാനസിക പരിരക്ഷക്ക മരുന്നു വാങ്ങൽ

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 117/22 |
| പ്രോജക്ടിന്റെ പേര് | മാനസിക പരിരക്ഷ |
| അടങ്കൽ | 123280 രൂപ (വികസന ഫണ്ട് -ജനറൽ- 100000, തനത് ഫണ്ട്-23280) |
| ചെലവ് | 123280 രൂപ<br>BRN No.21150852035801192067/24.02.2022 – 100000<br>Vr No.22100803/19.03.2022 - 23280 രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ , എഫ്എച്ച്സി |

മേൽ പ്രൊജക്ട് പ്രകാരം മാനസിക പരിരക്ഷക്ക മരുന്ന് വാങ്ങുന്നതിന് 123280 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. 102502 രൂപയുടെ മരുന്നുകൾ മാത്രമാണ് താഴെ കാണും പ്രകാരം ലഭ്യമായിട്ടുള്ളത്. 20778 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| PRF 5858/18.02.2022 | 100000 | 4555/17.06.2022 | 90229 |
| | | ആകെ | 90229 |
| | | ബാക്കി | 9771 |
| PRF 5767/16.02.2022 | 23280 | 8870/22.08.2022 | 7640 |
| | | 11633/20.09.2022 | 3407 |
| | | 13408/10.10.2022 | 1226 |
| | | ആകെ | 12273 |
| | | ബാക്കി | 11007 |
| ആകെ ലഭ്യമായ മരുന്ന് | | | 102502 |
| ബാക്കി | | | 20778<br>(123280-102502) |

3 പദ്ധതികളിലുമായി അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ പ്രകാരം ഓഡിറ്റ് എൻക്വയറിക്ക്(11/28.10.22) അവശേഷിക്കുന്ന മരുന്ന് ലഭ്യമാകുവാൻ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കെഎംസിഎൽ ന് കത്ത് അയച്ചിട്ടുണ്ടെന്നും മരുന്ന് ലഭ്യമാകുന്ന മുറക്ക് അറിയിക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. 2021-22 സാമ്പത്തിക വർഷത്തിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഗവൺമെന്റ് ഹോമിയോ ഡിസ്പൻസറി എടയൂർ | 2 |
| 2 | ഐ.സി.ഡി.പി സബ് സെന്റർ, എടയൂർ | 2 |
| 3 | പോസ്റ്റോഫീസ് വടക്കുംപുറം | 2 |
| 4 | പോസ്റ്റോഫീസ്, എടയൂർ നോർത്ത് | 2 |
| 5 | MET , സ്കൂൾ , കൊളമംഗലം | 2 |
| 6 | ഡൽഹി ഇന്റെർനാഷണൽ സ്കൂൾ , ചേലക്കോട് | 2 |
| 7 | എം.ജി.എൻ.ആർ.ഇ.ജി.എസ് എടയൂർ | 1 & 2 |
| 8 | ESAF , എടയൂർ | 1 |

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ESAF , എടയൂർ | 1 |
| 2 | കേരള ഗ്രാമീൺ ബാങ്ക് , എടയൂർ | 2 |
| 3 | ഡൽഹി ഇന്റർ നാഷണൽ സ്കൂൾ, ചേലക്കോട് | 2 |
| 4 | MET സ്കൂൾ, കൊളമംഗലം | 2 |

മേൽ അപാകതകൾ കാണിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.22/31.10.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല . മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 ഹോമിയോ ഡിസ്പെൻസറി- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

പ്രോജക്ട് നമ്പർ.43/2021-22 ( ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ,ഹോമിയോ

അടങ്കൽ-4,47,000 ( Maintanance Fund Non Road)

ചെലവ്- 4,47,000 (ബിൽ -1/1.10.2021: 3,00,000/- രൂപ, ബിൽ 2/26.2.22- 1,47,000 രൂപ)

പ്രൊജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിനായി 4,47,000 രൂപ ഹോംകോ-യ്ക്ക് നൽകിയെങ്കിലും നാളിത് വരെ 1,36,443 രൂപയുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ.

ലഭ്യമായ മരുന്നുകളുടെ വിവരം

പ്രൊഫോർമ ഇൻവോയിസ് നമ്പർ- LF 2646/10.3.22 – 41152 രൂപ

പ്രൊഫോർമ ഇൻവോയിസ് നമ്പർ- LF 481/3.8.22 – 95291 രൂപ ആകെ 136443 രൂപ.

310557 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 10/27.10.22 നമ്പർ അന്വേഷണക്കുറിപ്പിന് ഹോംകോയുടെ ഒരു പ്രയോറിട്ടി ലിസ്റ്റ് പ്രകാരമേ മരുന്നു ലഭ്യമാവുകയുള്ളൂ എന്നാണ് ലഭ്യമായ വിവരം എന്നും മരുന്നുകൾ എത്രയും വേഗം സപ്ലൈ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു. 310557 രൂപയുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 അംഗൻവാടി പോഷകാഹാരം – ന്യൂട്രിമിക്സ് – ജി എസ് ടി – ടി ഡി എസ് ഈടാക്കിയില്ല

l അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല

1. പ്രൊജക്ട് നമ്പർ, പേര് : 34/22, അംഗൻവാടി അനുപൂരക പോഷകാഹാരം (ജനറൽ)

അടങ്കൽ : 5165000 രൂപ(വികസന ഫണ്ട് ജനറൽ -2165000, കേന്ദ്രാവിഷ്കൃത ഫണ്ട് - 3000000)

ചെലവ് തുക : 5165000 രൂപ

2. പ്രൊജക്ട് നമ്പർ, പേര് : 35/22, അംഗൻവാടി അനുപൂരക പോഷകാഹാരം (എസ് സി)

അടങ്കൽ : 400000 രൂപ(വികസന ഫണ്ട് എസ് സി പി - 334966, തനത് ഫണ്ട് -65034)

ചെലവ് തുക : 400000 രൂപ

മേൽ പ്രോജക്ടുകൾ പ്രകാരം ന്യൂട്രിമിക്സ് വാങ്ങൽ, മാവേലി സ്റ്റോറിൽ നിന്ന് ഭക്ഷ്യധാന്യം വാങ്ങൽ, കടത്ത് കൂലി നൽകൽ, എന്നിവക്ക് ചെലവഴിച്ച തുകകളിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂണിറ്റ്, മൊറയൂർ, സഞ്ജീവനി കുടുംബശ്രീ യൂണിറ്റ്, വിജയ് & ഒജാസ്സി കുടുംബശ്രീ യൂണിറ്റ്, പൂർണേന്ദു മാനസി ന്യൂട്രിമിക്സ് യൂണിറ്റ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ന്യൂട്രിമിക്സ് വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടി ഡി എസ് പിടിക്കേണ്ടതാണ്(GST Act Section 51(1)). എന്നാൽ ചുവടെ ചേർക്കുന്ന ബില്ലുകളുടെ പേയ്മെന്റിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല.

1. നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ് യൂണിറ്റ്, മൊറയൂർ

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക (നികുതി ഒഴികെ) | ജി എസ് ടി @ 5% | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് @ 2% | ബിൽ ,വൗച്ചർ, ചെക്ക് നമ്പർ/തിയ്യതി |
|---|---|---|---|---|---|
| 1 | 49/06.01.2021 | 123795 | 6188 | 2475.90 രൂപ | Vr No.22100845/26.03.2022 |
| 2 | 2/2.4.2021 | 133245 | 6662 | 2664.90 രൂപ | BRN No. 21150852035400051536/03.05.2021 |
| 3 | 59/03.03.2021 | 132300 | 6614 | 2646 രൂപ | |

| | | | | | |
|---|---|---|---|---|---|
| 4 | 78/03.11.2021 | 130410 | 6520 | 2608.20 രൂപ | BRN No. 21150852035400868870/03.12.2021 |
| 5 | 52/02.02.2021 | 120960 | 6048 | 2419.20 രൂപ | Vr No.22100287/10.08.2021 |
| 6 | 14/07.05.2021 | 124740 | 6236 | 2494.80 രൂപ | |
| 7 | 29/07.06.2021 | 109620 | 5480 | 2192.40 രൂപ | |
| 8 | 35/02.07.2021 | 119070 | 5952 | 2381.40 രൂപ | Vr No.22100469/25.10.2021 |
| 9 | 54/12.09.2021 | 122780 | 6182 | 2455.60 രൂപ | |
| 10 | 44/11.08.2021 | 117180 | 5858 | 2343.60 രൂപ | Vr No.22100717/26.02.2022 |
| 11 | 5/10.12.2021 | 122850 | 6142 | 2457 രൂപ | |

2. വിജയ് & ഒജാസ്സി ന്യൂട്രിമിക്സ് യൂണിറ്റ്,ചേലേമ്പ്ര

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | ജി എസ് ടി @ 5% | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് @ 2% | ബിൽ ,വൗച്ചർ, ചെക്ക് നമ്പർ/തിയ്യതി |
|---|---|---|---|---|---|
| 1 | 65/07.10.2021 | 98800 | 4940 | 1976 രൂപ | BRN No. 21150852035401470162/26.03.2022 |
| 2 | 98/21.02.2022 | 53810 | 2690 | 1076 രൂപ | Vr No.22100844/26.03.2022 |
| 3 | 88/03.01.2022 | 75477 | 3774 | 1509 രൂപ | |
| 4 | 80/08.12.2021 | 76000 | 3800 | 1520 രൂപ | |
| 5 | 66/05.11.2021 | 87000 | 4350 | 1740 രൂപ | |
| 6 | 97/08.02.2022 | 66906 | 3345 | 1338 രൂപ | |

3. സഞ്ജീവനി കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്, ക്ലരിക്കണ്ട്

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | ജി എസ് ടി @ 5% | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് @ 2% | ബിൽ ,വൗച്ചർ, ചെക്ക് നമ്പർ/തിയ്യതി |
|---|---|---|---|---|---|
| 1 | 120/11.09.2021 | 141900 | 7095 | 2838 രൂപ | Vr No.22100469/25.10.2021 |
| 2 | 165/04.11.2021 | 102000 | 5100 | 2040 രൂപ | Vr No.22100717/26.02.2022 |
| 3 | 187/03.12.2021 | 96190 | 4810 | 1924 രൂപ | |
| 4 | 207/03.01.2022 | 74047 | 3702 | 1481 രൂപ | Vr No.22100844/26.03.2022 |
| 5 | 230/03.02.2022 | 70952 | 3548 | 1419 രൂപ | |
| 6 | 250/02.03.2022 | 60000 | 3000 | 1200 രൂപ | |

4.പൂർണേന്ദു മാനസി ന്യൂട്രിമിക്സ് യൂണിറ്റ്, മൂർക്കനാട്

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | ജി എസ് ടി | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് @ 2% | ബിൽ ,വൗച്ചർ, ചെക്ക് നമ്പർ/തിയ്യതി |
|---|---|---|---|---|---|

| | | | @ 5% | | |
|---|---|---|---|---|---|
| 1 | 154/21.02.2022 | 119070 | 5996 | 2381.40 രൂപ | Vr No.22100770/11.03.2022 |
| 2 | 151/21.01.2022 | 123795 | 6233 | 2475.90 രൂപ | |
| 3 | 149/10.01.2022 | 126630 | 6376 | 2532.60 രൂപ | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.20/31.10.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തുക നൽകിയ സ്ഥാപനം ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കി തുക നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

II.ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല .

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു.മേൽ കത്ത് പ്രകാരം അംഗനവാടികളിലൂടെ പ്രീ സ്കൂൾ കുട്ടികൾ,ഗർഭിണികൾ ,മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് വിതരണം ചെയ്യുന്ന ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-20 എഡ്യു ഊർ- വിദ്യാലയ ലൈബ്രറി ശാക്തീകരണം- പ്രൈമറി സ്കൂളുകൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ വാങ്ങിയില്ല.

ഹെഡ്‌മാസ്റ്റർ, ജി.എൽ.പി.എസ് വടക്കുമ്പ്രം നിർവ്വഹണം നടത്തിയ പ്രൊജക്ട് 216/22 എഡ്യു ഊർ- വിദ്യാലയ ലൈബ്രറി ശാക്തീകരണം എന്ന പ്രൊജക്ടിൽ വികസന ഫണ്ട് പൊതുവിഭാഗം 3 ലക്ഷം രൂപ ചെലവിട്ട് 427902 രൂപ മുഖവിലയുള്ള പുസ്തകങ്ങൾ ഗ്രാമപഞ്ചായത്തിലെ എൽ.പി, യു.പി സ്കൂൾ ലൈബ്രറികൾക്ക് വാങ്ങി നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് മുന്നോടിയായി പുസ്തകങ്ങളുടെ ലിസ്റ്റ് നൽകുന്നതിന് ബുക്ക് മാർക്ക് തിരുവനന്തപുരത്തിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും പറയുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് ഫയലിൽ ഇല്ല. വാങ്ങിയ പുസ്തകങ്ങളുടെ പട്ടികയിൽ ബാലസാഹിത്യ കൃതികളേക്കാളും എൽ.പി, യു.പി വിദ്യാർത്ഥികൾക്ക് അനുയോജ്യമായ പുസ്തകങ്ങളെക്കാളും കൂടുതൽ റഫറൻസ് ഗ്രന്ഥങ്ങളും നോവലുകളും മറ്റു സാഹിത്യ ശാഖകളിൽ ഉൾപ്പെടുന്നതുമാണ്. പുസ്തകങ്ങൾ വാങ്ങുന്നതിനായി ഏതെങ്കിലും തരത്തിലുള്ള കൂടിയാലോചനകളോ പ്രൊക്യുർമെന്റ് കമ്മിറ്റി ചർച്ചകൾ നടന്നതായോ ഫയലിൽ രേഖകൾ ഒന്നുമില്ല. ആവശ്യകത വിലയിരുത്തുകയോ സ്കൂളുകളിൽ നിന്നും ആവശ്യമായ പുസ്തകങ്ങളുടെ പട്ടിക ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. കുട്ടികൾക്ക് പ്രയോജനപ്പെടാത്ത പുസ്തകങ്ങൾ വാങ്ങുക വഴി പ്രൊജക്ടിന്റെ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിക്കാൻ സാധ്യമല്ല. ഇക്കാര്യങ്ങൾ സൂചിപ്പിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (15/28.10.22) സ്കൂൾ ഹെഡ്‌മാസ്റ്റർമാർക്ക് ബുക്ക്‌മാർക്ക് ലഭ്യമാക്കിയ ലിസ്റ്റ് നൽകി ആയതിൽ നിന്നും അവരവരുടെ വിദ്യാലയത്തിലേക്ക് ആവശ്യമായ പുസ്തകങ്ങൾ പൂരിപ്പിച്ച് വാങ്ങുകയും 16.12.21 ന് ചേർന്ന പ്രൊക്യുർമെന്റ് കമ്മിറ്റി ഇക്കാര്യങ്ങൾക്കെല്ലാം നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്ട് പ്രകാരം പുസ്തകങ്ങൾ ബുക്ക് മാർക്കിൽ നിന്നും വാങ്ങി വിതരണം ചെയ്തത് എന്നുമാണ് മറുപടി തന്നത്. പ്രൊക്യൂർമെന്റ് കമ്മിറ്റി വേണ്ടവിധം ചുമതലകൾ നിർവ്വഹിക്കാതെയും ആവശ്യാനുസരണം വാങ്ങൽ ആസൂത്രണം ചെയ്യാതെയും അനുവദിച്ച പണം ചെലവഴിച്ച് ലഭ്യമായ പട്ടികയിൽ നിന്ന് അഭിരുചിയും അനുയോജ്യതയും പരിഗണിക്കാതെ പുസ്തകങ്ങൾ വാങ്ങിയത് അഭിലഷണീയ നടപടിയല്ല. ഇത്തരം പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ നിർവ്വഹണവും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടവും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-21 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

ജി.ഒ (എം.എസ്) നം 72/2017/ത.സ്വ.ഭ.വ തിയതി.29.3.2017 ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമ സഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിർവഹിക്കണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ദൗത്യനിർവഹണത്തിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരേണ്ടത് അനിവാര്യമാണ്. പ്രസ്തുത യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കേണ്ടതുമുണ്ട്. 2021-22 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി മാത്രം യോഗം ചേരുന്നതായി കണ്ടു. ക്വാറം തികയാതെയും, തീരുമാനങ്ങൾ രേഖപ്പെടുത്താതെയും ,ക്ലോസ്സ് ചെയ്യാതെയും അപൂർണ്ണമായ രീതിയിലാണ് മിനുട്സ് ബുക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. അംഗങ്ങളുടെ എണ്ണം പോലും ചില വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി നടത്തികൊണ്ട് പോകുന്നതിനുള്ള ചുമതല അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കാണ്. ഓരോ പദ്ധതികളും നിർവഹണം നടത്തിയതിനു ശേഷം അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. 2021-22 വർഷത്തെ യോഗം ചേർന്നതിന്റെ വിശദാംശങ്ങൾ ചുവടെ.

| വർക്കിംഗ് ഗ്രൂപ്പ് | കൂടിയ തിയതി | പങ്കെടുത്ത അംഗങ്ങൾ | തീരുമാനങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| പട്ടിക ജാതി, പട്ടിക വർഗ്ഗ വികസനം | 12.01.22 | 13 | 16 | ക്ലോസ്സ് ചെയ്തിട്ടില്ല |
| ദാരിദ്ര്യ ലഘൂകരണം | 10.01.22 | 3 | 6 | ക്ലോസ്സ് ചെയ്തിട്ടില്ല |
| ശുചിത്വം, കുടിവെള്ളം | 10.01.22 | 10 | 16 | ക്ലോസ്സ് ചെയ്തിട്ടില്ല |
| വിദ്യാഭ്യാസം, കല, സംസ്കാരവും യുവജനക്ഷമവും | 10.01.22 | 13 | 35 | |
| പൊതുമരാമത്ത് | 03.01.22 | 13 | 64 | ക്ലോസ്സ് ചെയ്തിട്ടില്ല |
| മൃഗസംരക്ഷണവും ക്ഷീരവികസനവും | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല | 13 | 0 | ക്ലോസ്സ് ചെയ്തിട്ടില്ല |
| ആരോഗ്യം | 10.01.22 | 15 | 10 | ക്ലോസ്സ് ചെയ്തിട്ടില്ല |
| സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല | 16 | 12 | |
| പ്രാദേശിക സാമ്പത്തിക വികസനം | 10.01.22 | 5 | 8 | ക്ലോസ്സ് ചെയ്തിട്ടില്ല |
| | 3.3.22 | 0 | 0 | ക്ലോസ്സ് ചെയ്തിട്ടില്ല |
| സാമൂഹ്യ ക്ഷേമം | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല | 13 | 12 | |
| പൊതുഭരണവും ധനകാര്യവും | 10.01.22 | 10 | 17 | ക്ലോസ്സ് ചെയ്തിട്ടില്ല |
| കൃഷിയും അനുബന്ധമേഖലയും | 10.01.22 | 13 | 4 | |
| ജൈവ വൈവിധ്യം , പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | 10.01.22 | 13 | 10 | ക്ലോസ്സ് ചെയ്തിട്ടില്ല |

*വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ കാലികമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം അർത്ഥവത്താക്കി പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്.*

## 1-22 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഹെഡ്മാസ്റ്റർ,ജി.എൽ.പി.എസ് വടക്കുമ്പ്രം നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ എന്ന പേരിൽ രണ്ട് പ്രൊജക്ടുകൾ 2021-22 വർഷം നടപ്പാക്കിയിട്ടുണ്ട്.

1. പ്രൊജ. 214/22 - സ്റ്റീൽ ഓവർ - അടങ്കൽ 15034 രൂപ (വികസന ഫണ്ട് - എസ്.സി.പി) ചെലവ് 14999 രൂപ. ( ബിൽ 22100965/19.03.22) (3 സെറ്റ് ഫർണ്ണിച്ചർ)

2. 1. പ്രൊജ. 59/22 - അടങ്കൽ 300000 രൂപ ( വികസന ഫണ്ട് - എസ്.സി.പി) ചെലവ് 299980 രൂപ. (ബിൽ 22101040/25.02.22)
(60 സെറ്റ് ഫർണ്ണിച്ചർ)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡി-ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖയായ സ.ഉ.(കൈ)നം.22/2018 /ത.സ്വ.ഭ.വ തി.14.02.2018 ലെ ഖ.7.2.7 പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്ന പ്രൊജക്ട് നടപ്പിലാക്കുമ്പോൾ താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. എന്നാൽ പ്രൊജക്ട് നിർവ്വഹണത്തിൽ അവ പാലിച്ചതായി കാണുന്നില്ല.

എ. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം നൽകണം. എന്നാൽ വിദ്യാർത്ഥികളുടെ ലിസ്റ്റ് ഫയലിൽ ഇല്ല.
ബി. ഫർണ്ണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. പ്രൊജക്റ്റ് ഫയലിൽ സ്കൂൾ ഹെഡ്മാസ്റ്റർമാർ താഴെ പറയും പ്രകാരം മേശയും കസേരയും കൈപ്പറ്റിയതായി കാണുന്നു.

കെ.വി.യു.പി.എസ് വടക്കുമ്പ്രം- 10 മേശ 10 കസേര

എടയൂർ നോർത്ത് എ.എം.എൽ.പി.എസ്- 10 മേശ 10 കസേര

ടി.ആർ.കെ.യു.പി.എസ് വെങ്ങാട് -7 മേശ 7 കസേര

എസ്.വി.എ.എൽ.പി.എസ് എടയൂർ- 9 മേശ 9 കസേര

ജി.എൽ.പി.എസ് അത്തിപ്പറ്റ- 1 മേശ 1കസേര

കെ.എം.യു.പി.എസ് എടയൂർ- 10 മേശ 10 കസേര

എച്ച്.എ.എൽ.പി.എസ് എടയൂർ- 7 മേശ 7 കസേര

എ.യു.പി.എസ് വടക്കുമ്പ്രം- 5 മേശ 5 കസേര

എ.എൽ.പി.എസ് സി.കെ.പാറ- 2 മേശ 2 കസേര

ആകെ വിതരണം ചെയ്തത് - 61 മേശ 61 കസേര

രണ്ട് പ്രൊജക്റ്റുകളിലുമായി ആകെ 63 മേശകളും 63 കസേരകളും വാങ്ങിയിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ ആയതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 61 സെറ്റ് ഫർണ്ണിച്ചർ മാത്രമേ ഹെഡ്മാസ്റ്റർമാർ കൈപ്പറ്റിയതായി രശീതി ഉള്ളൂ. ആർക്കൊക്കെ വിതരണം ചെയ്യുന്ന വിവരം ലഭ്യമല്ല.

3. ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ആനുകൂല്യം നൽകാവൂ. ഇത് വ്യക്തമാക്കുന്ന ആനുകൂല്യ വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങണം. ഇപ്രകാരം ചെയ്തതായി കാണുന്നില്ല.
5. വാങ്ങൽ നടപടികൾ പ്രൊക്യുർമെന്റ് കമ്മിറ്റി പരിഗണിച്ച് തീരുമാനം കൈക്കൊണ്ടതിന്റെ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയും രേഖകൾ പരിശോധനക്ക് ഹാജരാക്കുകയും ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 14/28.10.22 നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 214/22 നമ്പർ പ്രൊജക്റ്റ് സ്പിൽ ഓവർ പ്രൊജക്റ്റ് ആയതിനാൽ മുൻവർഷത്തെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രൊജക്റ്റ് 59/22 ൽ വിവിധ ഹെഡ്മാസ്റ്റർമാരിൽ നിന്നും 61 പേരുടെ ലിസ്റ്റ് ലഭിച്ചതിനാൽ ഒരെണ്ണത്തിന്റെ തുക പിന്നീട് നൽകാമെന്ന തീരുമാനപ്രകാരം 61 എണ്ണം വാങ്ങിയതായും എന്നാൽ 60 എണ്ണത്തിന്റെ തുക മാത്രമേ നൽകിയിട്ടുള്ളൂവെന്നും , അപ്രകാരമാണ് 61 എണ്ണം കുട്ടികൾക്ക് നൽകിയത് എന്നും മറ്റു നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. 60 എണ്ണം വാങ്ങിയതായി മാത്രം സപ്ലയറുടെ ബില്ല് ഉണ്ടാവുകയും അതിനു മാത്രം പണം നൽകുകയും ചെയ്തിരിക്കെ 61 എണ്ണം ലഭ്യമാക്കി എന്നതിന്റെ വിശദീകരണം തൃപ്തികരമല്ല. ചൂണ്ടിക്കാണിച്ച മറ്റു അപാകതകൾക്ക് രേഖകളുടെ പിൻബലമുള്ള മറുപടിയല്ല നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചത്. പദ്ധതി നിർവ്വഹണത്തിലും നടത്തിപ്പിലും ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 1-23 തരിശ് രഹിത എടയൂർ- അപേക്ഷകരുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ തരിശ് നെൽകൃഷിക്ക് ധനസഹായം നൽകുന്നതിനുള്ള 66/2022 നമ്പർ പ്രൊജക്റ്റിൽ ( അടങ്കൽ 2,00,000 രൂപ- പൊതുവിഭാഗം വികസനഫണ്ട് ) 5 ഗുണഭോക്താക്കൾക്ക് ആകെ 167300 രൂപ അനുവദിച്ചിട്ടുണ്ട്. ( വൗച്ചർ-22101110/20.11.2021). ധനസഹായം കൈപ്പറ്റിയവരിൽ താഴെ പറയുന്നവരുടെ അപേക്ഷ, അർഹത തെളിയിക്കുന്ന രേഖകൾ, തരിശ് ഭൂമി സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല.

1.അബ്ദുൽ റഷീദ്.വി.പി, വലിയ പറമ്പിൽ ( 1.192 Ha-41720 രൂപ)

2. മുഹമ്മദ് അലി , പാറശ്ശേരി -( 1.224 Ha- 42840 രൂപ).

ഓഡിറ്റ് എൻക്വയറി 23/31-10.22 പ്രകാരം രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ 84560 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-24 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലെ അക്കൗണ്ടിലുള്ള നീക്കിയിരുപ്പ് തുക പഞ്ചായത്ത് തനത് ഫണ്ടിലൊടുക്കണം

എടയൂർ ഗ്രാമ പഞ്ചായത്ത് LSGD അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ( പഴയ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ) വളാഞ്ചേരി ശാഖയിൽ 67161222069 നമ്പർ അക്കൗണ്ടിൽ 25.09.2022 തീയ്യതിയിൽ 166992 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. പ്രസ്തുത അക്കൗണ്ടിൽനിന്നും 13.07.2017 നു ശേഷം നാളിതുവരെ യാതൊരിടപാടുകളും നടന്നതായി കാണുന്നില്ല. ബാങ്ക് നീക്കിയിരിപ്പ് കാലികമാക്കി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമാണ് 166992 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നത്. ഈ തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് (നമ്പർ 1/26-10-22) നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തുമായി ആലോചിച്ച് തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലൊടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക പഞ്ചായത്ത് ഫണ്ടിലൊടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 എയിഡഡ് സ്കൂളിന് ടോയ് ലറ്റ് നിർമിച്ച് നൽകിയത്- പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല-

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിലെ AUPS വടക്കുംപുറം എന്ന സ്കൂളിന് ടോയ്‌ലറ്റ് യൂണിറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണം സംബന്ധിച്ച് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ- 2015/2021-22

AUPS വടക്കുംപുറം , GLPS വടക്കുംപുറം എന്നീ സ്കൂളുകളിൽ സാനിറ്ററി ടോയ് ലറ്റ്.

അടങ്കൽ-297758 (സംസ്ഥാനാവിഷ്കൃത ഫണ്ട്)

ബിൽനമ്പർ. 10/21-01-2022

ചെലവ്- 172733.

അപാകതകൾ

1. പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കുന്നത്. എന്നാൽ പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ടോയ്‌ലറ്റുകൾ, മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്നിവ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ പ്രവൃത്തി ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

2. പ്രസ്തുത എയ്ഡഡ് സ്കൂളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ നിലവിൽ എത്ര ടോയ്ലറ്റുകൾ ലഭ്യമാണ്, ഇനി ആവശ്യമുള്ളത് എത്ര എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തിയതായി കാണുന്നില്ല.

3.എയ്ഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകണമെന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല. ഇക്കാര്യങ്ങൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി 9/27.10.22 ന് മറുപടിയായി അത്തിപ്പറ്റ ജി.എൽ.പി എസിന് ടോയ്‌ലറ്റ് നിർമ്മാണത്തിന് സ്ഥലസൗകര്യമില്ലെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചതു കൊണ്ടാണ് വടക്കുമ്പ്രം എ.യു.പി.എസിന് പുതിയ ടോയ്‌ലറ്റ് അനുവദിച്ചത് എന്നാണ്. ഈ മറുപടി വസ്തു നിഷ്ഠമോ സ്വീകാര്യമോ അല്ല. എയിഡഡ് സ്കൂളുകൾക്ക് വേണ്ടി സ്ഥിര സ്വഭാവമുള്ള ആസ്തി സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി മാർഗ്ഗ രേഖയിൽ പറയുന്ന നിബന്ധനകൾ കർശനമായി പാലിക്കുന്നതിനും, പദ്ധതി രൂപീകരണ ഘട്ടത്തിൽ തന്നെ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കുടിവെള്ള പദ്ധതിയുടെ പഴയ മോട്ടോർ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പടിഞ്ഞാറേക്കര കുടിവെള്ള പദ്ധതി ( പ്രൊജക്ട് നമ്പർ 100/21-22) എന്ന പ്രവൃത്തിക്ക് ധനകാര്യക്കമീഷൻ ഗ്രാന്റിൽ നിന്നും 100000 രൂപ അടങ്കൽ നിശ്ചയിച്ച് 99680 രൂപ ബിൽ നമ്പർ. 21-02-2022 ധനകാര്യ ഗ്രാന്റ് ചെലവഴിച്ച് 7.5 യിൽ പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള 5 HP മോട്ടോർ പ്രവർത്തന രഹിതമായതിനാലാണ് പുതിയ മോട്ടോർ സ്ഥാപിക്കുന്നതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ആയതിനാൽ പഴയ മോട്ടോർ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകൾ , അത് പ്രവർത്തരഹിതമാണെന്ന് ക്ഷമതയുള്ള അധികാരികൾ സാക്ഷ്യപ്പെടുത്തിയ രേഖകൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/26.10.2022) ഹാജരാക്കിയ 5 HP മോട്ടോർ എന്ന് മാത്രം രേഖപ്പെടുത്തിയ രജിസ്റ്റർ നിശ്ചിത രൂപത്തിലുള്ളതല്ല. സ്റ്റോക്ക് പരിപാലിക്കുകയോ മാറ്റപ്പെടുന്ന / ഉപയോഗ ശൂന്യമായ ഇത്തരം വസ്തുക്കളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ അത് പ്രവർത്തന രഹിതമാണെന്ന് നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഭൗതിക പരിശോധനക്ക് ലഭ്യമാക്കിയ ഉപകരണം മാറ്റപ്പെട്ട 5HP മോട്ടോർ ആണെന്ന് വ്യക്തമാവുന്ന വിശദാംശങ്ങളൊന്നും തന്നെ ഇല്ല . മാത്രമല്ല സെക്രട്ടറിയോ അസിസ്റ്റന്റ് എഞ്ചിനീയറോ സാക്ഷ്യപ്പെടുത്താത്ത ഒരു രജിസ്റ്ററിലാണ് ഇത് രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ കാലാന്തരത്തിൽ ഈ ഉപകരണം ദുരുപയോഗപ്പെടുത്തപ്പെടാൻ സാധ്യതയുണ്ട്. ആയതിനാൽ മോട്ടോർ സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തി പ്രയോജന രഹിതമാണെങ്കിൽ ലേലം മുഖേന കയ്യൊഴിക്കേണ്ടതും ലേല തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണ്.

## 1-27 UPC അബ്ദുഹാജിപ്പടി - അമ്പാട്ടുചോല റോഡ് നവീകരണം- (വാർഡ് -8) അധിക നിരക്ക് നൽകിയത്

2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർവഹിച്ച UPC അബ്ദുഹാജിപ്പടി - അമ്പാട്ടുചോല റോഡ് നവീകരണം- എന്ന ഈ പ്രവൃത്തിയിൽ റോഡ് സൈഡ് കെട്ടി ഫില്ലിംഗ് ചെയ്ത് ഗതാഗത യോഗ്യമാക്കാനാണ് ലക്ഷ്യമിട്ടത്. റോഡ് കട്ടിംഗ്, കരിങ്കല്ല്കെട്ട്, കോൺക്രീറ്റ് ബെൽറ്റ് എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

പ്രൊജക്റ്റ് വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | 217/22- UPC അബ്ദുഹാജിപ്പടി - അമ്പാട്ടുചോല റോഡ് നവീകരണം- വാർഡ് -8 |
| അടങ്കൽ തുക | 200000/- ( പൊതു വിഭാഗം- സാധാരണ വിഹിതം) |
| ചെലവ് | 166688/- ( ബിൽ നമ്പർ 437/30.03.2022) |
| MB No. | 60/2021-22 |
| കരാർ നമ്പർ, തീയ്യതി | AE/LSGD/EDR/07/2021-22 Dated 09.11.2021 |
| കരാറുകാരൻ | ശ്രീ നൗഫൽ ,കലമ്പൻ |
| TS No. | 49598/2-21-22 |
| PAC | 149817.45 |

തെറ്റായ നിരക്ക് രേഖപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും, എസ്റ്റിമേറ്റ്, അളവു പുസ്തകം എന്നിവയിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായിട്ടാണ് ചില ഇനങ്ങൾ ചെയ്തിട്ടുള്ളത് എന്നും ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ നിന്നും, പ്രവൃത്തി പ്രദേശം നേരിട്ട് സന്ദർശിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.അതു കാരണം താഴെ പറയുന്ന ഇനങ്ങൾക്ക് അധിക നിരക്ക് നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ

| ക്രമനം | എസ്റ്റിമേറ്റ്, അളവു പുസ്തകം, എന്നിവയിൽ രേഖപ്പെടുത്തിയ ഇനം, അളവ് & നിരക്ക് | നൽകിയ തുക | യഥാർത്ഥത്തിൽ ചെയ്ത ഇനം, അളവ്& നിരക്ക് | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | Construction Of Embankment With Approved Meterial At Sight.<br>14.040m3@<br>298.61/m3 | = 4192.48 | Construction Of Embankment With Approved Meterial At Sight.<br>14.040m3@<br>298.61/m3 | = 4192.48 | 0 |
| 2 | Item No. 3.1-<br>Mord-code No 75.7.1-<br>Random Rubble Masonry With Hard Stone Including Through/ Bond Stone In Foundation And Super Structure Including Packing To Compactness To Lines And Levels Including All Charges<br>30m3@4016.67/m3<br>(അളവു പുസ്തകം - Page No.10 &11) | = 120500.10/- | 60.7.1<br>Dry Rubble Masonry Including All Charges.<br>30m3@<br>2620.47/<br>M3 | =78614.1/- | 41886/- |
| 4 | Item No. 3.2 | =22136.05 | *യഥാർത്ഥത്തിൽ നൽകാവുന്ന* | 18872.9 | 3263/- |

| | | | | | |
|---|---|---|---|---|---|
| | 13.1.1.1<br>Providing And Laying Re-inforced Cement Concrete In Super Structure As Per Drawing And Tech. Spec.<br>2.34m3@9459.85/m3 | | ഇനം , നിരക്ക്<br>Code-12.5.2.1<br>Re-inforced Cement Conctrete As Sub- Structure<br>2.34m3 @ 8065.35/m3 | | |
| | ആകെ തുക | 148828.63 | | 101679.48 | |
| | Add GST @12% | 17859.4356 | | 12201.5376 | |
| | Total | 166688.06 | | 113881.01 | 52807 |



UPC-അബ്ദുഹാജിപ്പടി - അമ്പാട്ടുചോല റോഡ് പാർശ്വ ഭിത്തി (കരിങ്കൽക്കെട്ട്)

(1) മേൽ പറഞ്ഞ പ്രകാരം എസ്റ്റിമേറ്റ് ( റിവൈസ്ഡ്) അളവു പുസ്തകം എന്നിവയിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തി നിർവഹണം, അനവദനീയമല്ലാത്ത നിരക്ക് നൽകൽ എന്നിവ വഴി പൊതു ഫണ്ടിന് 52807/- രൂപ നഷ്ടം വന്നിട്ടുണ്ട്.

(2) മേൽ പറഞ്ഞ എസ്റ്റിമേറ്റിലെ ഭാഗം-2 -ലെ സംരക്ഷണഭിത്തി നിർമാണം, സിമെന്റ് കോൺക്രീറ്റ് എന്നീ പ്രവൃത്തികൾക്ക് 10% ഓവർ ഹെഡ് ചാർജ്(മോർഡ് സ്പെസിഫിക്കേഷൻ) മാത്രമേ അനുവദനീയമായിട്ടുള്ളൂ എന്നിരിക്കെ 15% ഓവർ ഹെഡ് ചാർജ് നൽകിയാണ് നിരക്ക് അനുവദിച്ചിട്ടുള്ളത്.

നഷ്ടം നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഈടാക്കാതിരിക്കാൻ വിശദീകരണമെന്തെങ്കിലും സമർപ്പിക്കാനുണ്ടെങ്കിൽ ആയത് രേഖാമൂലം സമർപ്പിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ( നമ്പർ 17/28.10.2022, 18/31.10.2022) മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ മേൽ പറഞ്ഞ ഇനങ്ങൾക്ക് അധിക നിരക്ക് നൽകിയത് പൊതു ഫണ്ടിന് നഷ്ടം വന്ന 52807 രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-28 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

I. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 113പദ്ധതികൾ തയ്യാറാക്കിയതിൽ 66 പ്രൊജക്ടുകൾ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയത്. 21 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 9 പദ്ധതികൾ തൻവർഷവും പൂർത്തിയാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 113 | ആകെ അടങ്കൽ | 22500955 |
| നടപ്പിലാക്കിയത് | 66 | ചെലവ് | 12140423 |
| ശതമാനം | 58.4% | ചെലവ് ശതമാനം | 53.95 % |

പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതും പദ്ധതിപ്പണം ലാപ്സാവുന്നതും ഒഴിവാക്കാൻ നടപ്പാക്കാൻ കഴിയാവുന്നതിലുമധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതും പരിമിതമായി മാത്രം ലഭ്യമാകുന്ന ധനസഹായം മറ്റ് അടിസ്ഥാനാവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതുമാണ്. വ്യക്തമായ പഠനവും മുന്നൊരുക്കങ്ങളും നടത്തി മാത്രം പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതും അനുവദിക്കപ്പെടുന്ന മുഴുവൻ ധനവിഭവവും സമയബന്ധിതമായി, പരമാവധി ക്ഷേമം ഉറപ്പു വരുത്തുന്ന രീതിയിൽ വിനിയോഗിക്കാനുള്ള വികസന സംസ്കാരം രൂപപ്പെടുത്താൻ ശ്രമിക്കേണ്ടതുമാണ്. പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. കാഷ് ബുക്കിൽ ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവ രേഖപ്പെടുത്തുന്നില്ല. 9.11.2020 മുതൽ കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

3. സെലക്ഷൻ നോട്ടീസിൽ നമ്പർ തീയ്യതി എന്നിവ രേഖപ്പെടുത്തുന്നില്ല. ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ നിയമാനുസൃതമായ സമയ പരിധിക്കകം കരാർ ചമക്കുന്നു എന്നുറപ്പു വരുത്താനായിട്ടില്ല.

4. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

5. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയ്യതി, സമയം, എന്നിവ രേഖപ്പെടുത്തുന്നില്ല.

6. പ്രവൃത്തി പൂർത്തീകരിച്ചാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ഇ- ടെണ്ടർ ഫീസിനത്തിലെ തുകകൾ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

ഇ-ടെണ്ടർ ഫോറം വില ഇനത്തിൽ മുൻവർഷങ്ങളിലേതുൾപ്പെടെ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ സംബന്ധിച്ച രേഖകളൊന്നും തന്നെ അസിസ്റ്റന്റ് എഞ്ചിനീയർ പരിപാലിക്കുന്നില്ല. വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെണ്ടർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ഈയിനത്തിൽ ലഭിക്കുന്ന തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിക്ഷേപിക്കപ്പെടേണ്ടതാണ്. എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും തന്നെ നിർവഹണോദ്യോഗസ്ഥൻ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിൽ എത്ര തുക പഞ്ചായത്തിന് ലഭിക്കേണ്ടതുണ്ടെന്ന് അറിയാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

ഈയിനത്തിലെ വരവിന്റെ വിശദാംശങ്ങൾ, ബാങ്ക് പാസ്സ് ബുക്ക്/ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 24/31.10.2022 ) മറുപടി ലഭിച്ചില്ല. ഇ- ടെണ്ടർ ഫീസിനത്തിൽ മുൻ വർഷങ്ങളിലേതുൾപ്പെടെ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ സംബന്ധിച്ച മുഴുവൻ കണക്കുകളും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കുകയും ഈയിനത്തിലെ മുഴുവൻ തുകയും പഞ്ചായത്ത് തനത് ഫണ്ടിലൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതും പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ തുകയും സമയബന്ധിതമായി ലഭിക്കുന്നുണ്ടെന്നുറപ്പു വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ രേഖാമൂലം പ്രഥമ മറുപടിയോടൊപ്പം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-30 MGNREGS- വ്യക്തിഗത പ്രൊജക്ടുകൾ ലക്ഷ്യം പൂർത്തീകരിച്ചില്ല.

2021-22 സാമ്പത്തിക വർഷത്തിൽ MGNREGS -ൽ ആട്ടിൻ കൂട് നിർമാണത്തിന് ധനസഹായമനുവദിക്കപ്പെട്ട ശ്രീമതി പ്രിയ ഓടേങ്ങാട്ടിൽ എന്ന വ്യക്തി കൂട് നിർമാണം പൂർത്തീകരിച്ചെങ്കിലും അത് ഉപയോഗിക്കുന്നില്ലെന്ന് പ്രവൃത്തി പ്രദേശം സന്ദർശിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| Work Id- | 1605004002/IF/458347 |
| അടങ്കൽ ( എസ്റ്റിമേറ്റ്) തുക | - 41000/- No. 1605004002/2019-2020/AS/ Dated 20.10.2020. |
| AS.No. | 3(3) Dated 15.01.2020 |
| TS No. | 1(1) Dated 20.10.2020 |
| മെറ്റീരിയൽ ചെലവ് | -22163/- ( FTO No.974700/31.03.2021)<br>Date Of Payment- 05.04.2021 |
| സൈറ്റ് ബോർഡ് സ്ഥാപിക്കുന്നതിന് ഗുണഭോക്താവിന് നൽകിയ തുക | 3000/- ( FTO No.974700/31.03.2021)<br>Date Of Payment- 05.04.2021 |
| ലേബർ ചാർജ് ( Skilled & Unskilled) | 3193/- |
| ആകെ ചെലവ് | 28356/- |



2021-22 ൽ ധനസഹായം ലഭിച്ച് നിർമ്മിക്കപ്പെട്ടതും താമസിയാതെ ഉപേക്ഷിക്കപ്പെട്ടതുമായ ആട്ടിൻകൂട്

(1) ധനസഹായമനുവദിക്കപ്പെട്ട പ്രൊജക്ട് ഉപേക്ഷിക്കപ്പെടുന്നത് പൊതു ഫണ്ടിന്റെ ദുരുപയോഗവും ഗുണഭോക്താവും നിർവഹണോദ്യോഗസ്ഥനും തമ്മിലുള്ള കരാറിന്റെ ലംഘനവുമാണ്.

(2) പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനു വേണ്ടി സ്ഥിരമായി സ്ഥാപിക്കാനുള്ള ഡിസ്പ്ലേ ബോർഡിനു 3000 രൂപ FTO No.974700 തീയ്യതി 31.03.21, Bill Date 05.04.21 MB No. 119/19-20 പേജ് നമ്പർ 17 പ്രകാരം നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഏകദേശം 3x2 സൈസിലുള്ള ഒരു ഫ്ലക്സ് ഷീറ്റ് മാത്രമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് പ്രവൃത്തി പ്രദേശം നേരിട്ട് സന്ദർശിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 21/31.10.2022) ന് മറുപടി സമർപ്പിച്ചില്ല.
സമൂഹത്തിൽ പാർശ്വൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ജിവിതനിലവാരവും ജീവിത സാഹചര്യങ്ങളും ഉയർന്ന നിലവാരത്തിലേക്ക് കൊണ്ടു വരുന്നതിന്റെ ഭാഗമായി വരുമാനദായകമായ പ്രവർത്തനങ്ങൾക്കുള്ള കൈത്താങ്ങെന്ന നിലയിൽ അനുവദിക്കപ്പെടുന്ന ധനസഹായം ഏറ്റവും അർഹതയുള്ള ഗുണഭോക്താക്കൾക്കാണ് ലഭിക്കുന്നതെന്നും ആയത് ദുരുപയോഗപ്പെടുന്നില്ലെന്നും നിർവഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സ്ഥിരമായി സ്ഥാപിക്കേണ്ട സൈൻ ബോർഡിന് നൽകിയ തുക , അത് സ്ഥാപിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-31 MGNREGS പ്രവൃത്തികളുടെ അവലോകനം

2021-22 കാലയളവിൽ MGNREGS പ്രൊജക്ടിനു കീഴിൽ മെറ്റീരിയൽ വർക്കുൾപ്പെടുന്ന 14 പ്രൊജക്ടുകളാണ് തൻവർഷം

പൂർത്തീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി ഇനം | എണ്ണം |
|---|---|
| തൊഴുത്ത് നിർമാണം | 4 |
| ആട്ടിൻകൂട് നിർമാണം | 1 |
| സോക്ക് പിറ്റ് | 1 |
| റോഡ് കോൺക്രീറ്റ് | 6 |
| അംഗൻവാടി നിർമാണം | 2 |

പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിലും പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നത് ശ്ലാഘനീയമാണ്. ഈ പദ്ധതിക്കു കീഴിൽ ഏകദേശം 14 ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ച പി.പി. പടി അങ്കണവാടി പ്രത്യേകം പരാമർശമർഹിക്കുന്നു.

മേൽ പറഞ്ഞ അങ്കണവാടി കെട്ടിടം കൂടാതെ അധികാരിപ്പടി എന്ന സ്ഥലത്ത് മറ്റൊരു അങ്കണവാടി കെട്ടിടം കൂടി തൻ വർഷം നിർമ്മിച്ചിട്ടുണ്ട്. ഇതിനു പുറമെ 4 കോൺക്രീറ്റ് റോഡ് കൂടി തൻ വർഷം നിർമ്മിച്ചിട്ടുണ്ട്. പ്രവൃത്തികൾ ഏറ്റവും കാര്യക്ഷമമായ രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഭാവിയിലും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 450000 | അന്നപൂർണ്ണ- നെൽകൃഷി വികസനം 57/2022 | 450000 | 0 |
| | 150000 | സാന്ത്വനം പാലിയേറ്റീവ് പരിചരണം 53/2022 | 150000 | 0 |
| | 600000 | ലൈഫ് ഭവന പദ്ധതി(എസ് സി) 91/2022 | 600000 | 0 |
| | 391000 | ഭിന്നശേഷി | 391000 | 0 |

| | | | | |
|---|---|---|---|---|
| | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 33/2022 | | |
| ആകെ | 1591000 | | 1591000 | |
| ജില്ലാ പഞ്ചായത്ത് | 600000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 33/2022 | 600000 | 0 |
| | 200000 | ക്ഷീര സമൃദ്ധി- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 108/2022 | 200000 | 0 |
| ആകെ | 800000 | | 800000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര്/നം | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 167/22സ്ട്രീറ്റ് മെയിൻ- കെ എസ് ഇ ബിക്ക് തുക അടവാക്കൽ | 233/ 03.02.2022 | 1000000 | 0 | 1000000 | 1000000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി ലോൺ | ലഭ്യമല്ല | -- | 6124482 | 850667 | | 5273815 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2020-21 | 1-23 | 1176 | ഷറഫുദ്ദീൻ, കരാറുകാരൻ | 121130102482/10.12.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1997-98<br>36,37 | 2003-04<br>30 | കോഴി വളർത്തൽ, കോഴിക്കുട് വിതരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99<br>44,46 | 2003-04<br>30 | എസ്റ്റിമേറ്റ് തയ്യാറാക്കൽ, അധിക തുക നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-00<br>39,49,50 | 2003-04<br>30 | ജലസേചനം- കൺവീനർക്ക് അധിക തുക നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01<br>28 | 2003-04<br>30 | കുഴൽക്കിണർ- ഉപയോഗിക്കാത്ത സാധനം തിരിച്ച് നൽകിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2001-02<br>3(2),3(3),3(7) | 2004-05<br>3(7) | പദ്ധതികൾ ലക്ഷ്യം നേടിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2006-07<br>3(4) | 2009-10<br>3(4) | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ- പൂർത്തീകരണ വിവരമില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2016-17<br>(2-1,2-2) | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

A) ചാർജ് നടപടികളുടെ വിവരം

ഇല്ല

B) സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 36 | ഡോ. കെ.ജി.രാജു, വെറ്റി. സർജൻ | Lf 2717 /Sp Cell/ Sc5/04/dtd | 67,500 | 0 | 0 | 0 | 0 | 0 | 67,500 | OP 19/15 (IA |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 5-9-05 | | | | | | | | 96/15) |
| 2 | 1998-99 | 42 | ഐ.വി. രാജഗോപാലൻ, അസി. എഞ്ചിനിയർ | Lf 2731 /Sp Cell/ Sc5/04/dtd 26-2-05 | 55,723 | | | 55,723 | | | 55,723 | OP 91/05, Dist Court , Manjeri |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 108658561 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 96811951 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1772560 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1688000 | ശ്രീ.പി ബി സജി, സെക്രട്ടറി-1588000<br>ശ്രീ അബ്ബാസ് പി പി, സെക്രട്ടറി-100000 |
| 1-23 | 84560 | ശ്രീ.മൃദുൽ വിനോദ് പി , കൃഷി ഓഫീസർ |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93<br>1993-94 | LFM14/157/ Dt. 01.12.2010 | 4 |
| 1997-98 | LFM11/1155/01 Dt. 01.12.2010 | 2 |
| 1998-99 | LFM11/1422/01 Dt.01.12.2010 | 12 |
| 1999-00 | LFM11/1421/01 Dt. 01.12.2000 | 11 |
| 2000-01 | LFM11/435/03 Dt. 01.12.2010 | 02 |
| 2001-02 | KSA.MPM13/2193/22(1)/10-10-22 | 5 |
| 2002-03 | LFM13/1865/04 Dt. 01.12.2010 | 11 |
| 2003-04 | KSA.MPM13/2193/22(3)/10-10-22 | 3 |
| 2004-05 | KSA.MPM13/2193/22(4)/10-10-22 | 3 |
| 2005-06 | LFM9/1153/09 Dt. 22-5-2012 | 7 |
| 2006-07 | KSA.MPM13/2193/22(4)/10-10-22 | 3 |
| 2007-08 | KSA.MPM13/2193/22(5)/10-10-22 | 3 |
| 2008-09<br>To 10-11 | KSA.MPM13/2193/22(6)/10-10-22 | 10 |
| 20011-12to12-13 | KSA/MPM/13/3095/2015 Dt. 16.08.16 | 13 |
| 2013-14<br>To14-15 | KSAMPM/13/1958/2017 Dt. 01.02.2018 | 06 |

| | | |
|---|---|---|
| 2015-16 | KSAMPM13/3022/2016 Dt. 19.04.2018 | 15 |
| 2016-17 | KSAMPMM13/2001/17/ 07-07-2018 | 32 |
| 2017-18 | KSAMPM13/2438/2018/ 07.09.2020 | 12 |
| 2018-19 | KSA/MPM/13/2712/2019/ 19.11.20 | 15 |
| 2019-20 | KSAMPM13/1630/2019-20/ 17.06.2022 | 8 |
| 2020-21 | KSAMPM13/1631/2020-21/ 04.07.2022 | 7 |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്